ക്ഷണിച്ചപ്പോൾ ബൊംബാർഡിയൻ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒറ്റ സ്ഥാപനം മാത്രമേ താൽപ്പര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ റീ-ടെണ്ടർ വിളിച്ചു. റീ-ടെണ്ടർ തുറന്നപ്പോഴും പ്രസ്തുത സ്ഥാപനത്തിന്റെ ടെണ്ടർ മാത്രമേ ലഭിച്ചുള്ളൂ. അതിന്റെ സാങ്കേതിക ദർഘാസ് പരിശോധിച്ച് വരികയാണ്.

(സി) ഡി.പി.ആർ. പ്രകാരം കോഴിക്കോട് നഗരത്തിന് 1991 കോടി രൂപയും, തിരുവനന്തപുരം നഗരത്തിന് 3590 കോടി രൂപയും ചെലവുവരുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. മോണോറെയിൽ പദ്ധതികൾക്കായി ധനസമാഹരണത്തിന്റെ മൊത്തം അടങ്കൽ തുകയുടെ 20% കേരള ഗവൺമെന്റും, 20% കേന്ദ്ര ഗവൺമെന്റും ബാക്കി 60% തദ്ദേശീയ ബാങ്കുകൾ മുഖേനയും സമാഹരിക്കണമെന്നാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

(ഡി) തിരുവനന്തപുരം മോണോറെയിൽ പദ്ധതി 60 മാസം കൊണ്ടും കോഴിക്കോട് മോണോറെയിൽ പദ്ധതി 36 മാസംകൊണ്ടും സമയബന്ധിതമായി പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. മോണോറെയിൽ പദ്ധതിയെ കേരള സർക്കാരിന്റെ മിഷൻ 676 പ്രകാരം പ്രഖ്യാപിച്ച നവരത്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) 2014-15 ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി മോണോറെയിൽ പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികൾക്കായി 1225 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്കായി 30-6-2014 വരെ 8,53,49,215-കോടി രൂപ (എട്ട് കോടി അൻപത്തിമൂന്ന് ലക്ഷത്തി നാല്പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി പതിനഞ്ച് കോടി രൂപ മാത്രം) ചെലവാക്കിയിട്ടുണ്ട്.

ഇന്ത്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ച നിലവാരത്തിൽ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി

262 (7234) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ച നിലവാരത്തിൽ സംസ്ഥാനത്തെ റോഡുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള സാഹചര്യത്തിൽ ഐ.ആർ.സി.യുടെ നിബന്ധനകൾ പാലിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ; വ്യക്തമാക്കുമോ ;

(സി) കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരം ഐ.ആർ.സി.യുടെ നിബന്ധനകൾ അനുസരിച്ചുള്ള റോഡ് നിർമ്മാണം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകൾ നിർമ്മിക്കുന്നത് ഇന്ത്യൻ റോഡ് കോൺഗ്രസ് നിശ്ചയിച്ച നിലവാരത്തിലാണ്. കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 363 കി.മീ. ദൈർഘ്യമുള്ള 6 റോഡുകൾ 9 പാക്കേജുകളായി അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതിൽ 6 പാക്കേജിന്റെ ടെണ്ടർ കഴിഞ്ഞു. മറ്റ് രണ്ട് പാക്കേജുകളുടെ പ്രവൃത്തികൾ നടപ്പാക്കുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) നിലവിലുള്ള സാഹചര്യത്തിൽ ഐ.ആർ.സി.-യുടെ നിബന്ധനകൾ പാലിക്കുന്നതിന് തടങ്ങളൊന്നുമില്ല.

(സി) ഐ.ആർ.സി.യുടെ നിബന്ധനകൾ അനുസരിച്ചാണ് റോഡ് നിർമ്മാണം നടത്തുന്നത്.

റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് നടപടി

264 (7235) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളുടെ നിലവാരം ഉയർത്തുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും സവിശേഷതകളും വിശദമാക്കുമോ ;

(സി) എത്ര കിലോമീറ്റർ റോഡാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതിയുടെ മതിപ്പുചെലവ് എത്രയാണെന്ന് വിശദമാക്കുമോ ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളാണ് ധനസഹായം നൽകുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കി.മീ. റോഡുകൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് സമഗ്ര വികസനത്തിനായി തയ്യാറാക്കിയ പദ്ധതിയാണ് സംസ്ഥാന റോഡ് വികസന പദ്ധതി. ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിനായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) രജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly